## വഴിവെളിച്ചം

# മൂന്നു തിന്മകൾ

عَن أَبِى الدَّرْدَاء رَضِيَ‌الله عَنه قَالَ : قَالَ رَسُولُ الله ﷺ : لاَ تُشْرِك بِالله شَيْئا ، وَإِن قُطِّعْتَ وَحُرِّقْتَ ، وَلا تَتْرُك صَلاَةً مَكْتُوبَةً مُتَعَمِّدًا. فَمَن تَرَكَهَا مُتعمدًا فَقَد بَرِئَتْ مِنْهُ الذِّمَّةُ ، وَلا تَشْرَب الخَمْرَ ، فَإِنّها مِفْتَاح كُلّ شَرٍّ.

**അബുദ്ദർദാഇ(റ)ൽനിന്ന്: നബി(സ) പറഞ്ഞു: 'അല്ലാഹുവിനോട് മറ്റൊന്നിനെയും നീ പങ്കുചേർക്കരുത്; നീ അംഗവിഛേദം ചെയ്യപ്പെടുകയോ ദഹിപ്പിക്കപ്പെടുകയോ ചെയ്താൽ പോലും! മനഃപൂർവം ഒരു നിർബന്ധ നമസ്കാരവും നീ ഉപേക്ഷിക്കരുത്; ബോധപൂർവം നമസ്കാരമുപേക്ഷിക്കുന്നവൻ അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിൽനിന്നൊഴിവായിപ്പോകും. നീ മദ്യപിക്കരുത്. കാരണം, മുഴുവൻ തിന്മകളുടെയും താക്കോലാണത്.**

**വിശ്വാസം**, ആരാധന, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട മൂന്നു കാര്യങ്ങളാണ് ഈ നബിവചനത്തിൽ. വിശ്വാസകാര്യങ്ങളിൽ ഒന്നാമത്തേതാണ് ഏകദൈവത്വം. അല്ലാഹുവിന്റെ അധികാരങ്ങളും അവകാശങ്ങളും അവനല്ലാതെ മറ്റൊരാൾക്കും അംഗീകരിച്ചുകൊടുക്കാതിരിക്കുക എന്നതാണ് ഏകദൈവവിശ്വാസത്തിന്റെ പൊരുൾ. ഒരാൾ ഈ വസ്തുത അറിഞ്ഞ് അംഗീകരിച്ച ശേഷം വാക്കുകൊണ്ടോ കർമം കൊണ്ടോ വികാര വിചാരങ്ങൾകൊണ്ടോ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് വൻ പാപമാണ്. 'നിശ്ചയം, ബഹുദൈവാരാധന അല്ലാഹു അശേഷം പൊറുക്കുകയില്ല. അതല്ലാത്ത എത്രതന്നെ പാപങ്ങളും താനിഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അല്ലാഹുവിന്നു പങ്കാളികളെ കൽപിക്കുന്നവനാരോ അവൻ വമ്പിച്ച വ്യാജവും ഭയങ്കരമായ കുറ്റവും ചമച്ചിരിക്കുന്നു' (*അന്നിസാഅ്*: 48).

ബഹുദൈവാരാധനയെ കൊടിയ അക്രമമായികണ്ട് സർവവിധത്തിലും ഇസ്‌ലാം നിരാകരിക്കുന്നു. ആദർശത്തിൽ വിട്ടുവീഴ്ച ചെയ്യുന്നവൻ അവസരവാദിയും കപടനുമായിരിക്കും. അടിസ്ഥാനങ്ങളിൽ തന്നെ വിശ്വാസമില്ലാത്തവർക്ക് മതത്തിന്റെ മറ്റു മൂല്യങ്ങളോ നിയമ ശാസനകളോ മുറുകെപ്പിടിക്കാൻ സാധിക്കുകയില്ല; അതുകൊണ്ടാണ് ശരീരം വെട്ടിമുറിക്കപ്പെട്ടാലും തീയിൽ ദഹിപ്പിക്കപ്പെട്ടാലും ഏകദൈവവിശ്വാസത്തിനെതിരു പ്രവർത്തിക്കരുതെന്ന് നബി(സ) ഉണർത്തുന്നത്.

നമസ്കാരം ഉപേക്ഷിക്കുന്നതിനെക്കുറിച്ചാണ് രണ്ടാമത്തെ പരാമർശം. ആരാധനാകർമങ്ങളിൽ ഏറ്റവും പ്രധാനമാണ് നമസ്കാരം. ഇസ്‌ലാമിൽ മറ്റൊരു കർമത്തിനുമില്ലാത്ത സ്ഥാനവും പദവിയും നമസ്കാരത്തിനുണ്ട്. ഇസ്‌ലാമിന്റെ ഒരു നെടുംതൂൺ. ഈ തൂണില്ലാതെ ദീൻ നിലനിൽക്കുകയില്ല. നബി(സ) പറഞ്ഞു: 'കാര്യത്തിൽ മുഖ്യമായത് ഇസ്‌ലാമാകുന്നു; അതിന്റെ നെടുംതൂൺ നമസ്കാരമത്രെ' (ത്വബ്റാനി). 'നമസ്കാരമില്ലാത്തവന് ദീൻ തന്നെയില്ല; ശരീരത്തിൽ ശിരസ്സിനുള്ള സ്ഥാനമാണ് ദീനിൽ നമസ്കാരത്തിനുള്ളത്' (മജ്മഉസ്സവാഇദ്, ത്വബ്റാനി).

പ്രഥമ ബാധ്യത തന്നെ നിർവഹിക്കാൻ തയാറല്ലാത്തവൻ മറ്റുബാധ്യതകൾ എങ്ങനെയാണ് നിർവഹിക്കുക! അയാളുടെ വിശ്വാസവാദത്തെ എങ്ങനെയാണ് മുഖവിലക്കെടുക്കുക! ഇതുകൊണ്ടാണ് 'ബോധപൂർവം നമസ്കാരമുപേക്ഷിക്കുന്നവൻ അല്ലാഹുവിന്റെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുപോവും' എന്ന് നബി(സ) താക്കീതുനൽകുന്നത്. ദീനിൽനിന്നും മുസ്‌ലിം സമൂഹത്തിൽനിന്നും അയാൾ പുറത്തു പോവും എന്നാണ്, 'ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുപോവും' എന്നതിനർഥം!.

മദ്യപാനത്തെക്കുറിച്ചാണ് അവസാനമായി പറയുന്നത്. കുറ്റകൃത്യങ്ങളുടെ മാതാവാണ് മദ്യം. ഒരാളെ മദ്യാസക്തി പിടികൂടിക്കഴിഞ്ഞാൽ അയാളുടെ നാശം അടുത്തു എന്നർഥം. വ്യക്തിയിലെ എല്ലാ നന്മകളെയും കരിച്ചുകളയുന്ന വിഷവാഹിനിയായ അഗ്നിയാണത്. ഒരു സാരോപദേശ കഥയിലൂടെ നബി(സ) ഇക്കാര്യം ഉണർത്തുന്നു: 'ഇസ്രയേൽ സമുദായത്തിലെ അക്രമിയായ ഒരു ഭരണാധികാരി സാത്വികനായ ഒരാളെ പിടികൂടി നാലിലൊരു കാര്യം ചെയ്തേ തീരൂ എന്ന് നിർബന്ധിച്ചു: മദ്യപിക്കുക; അല്ലെങ്കിൽ ഒരാളെ കൊലപ്പെടുത്തുക; അതുമല്ലെങ്കിൽ വ്യഭിചരിക്കുക; അതിനും തയാറല്ലെങ്കിൽ പന്നിമാംസം ഭക്ഷിക്കുക. ഇല്ലെങ്കിൽ വധിച്ചുകളയുമെന്നും ഭീഷണിപ്പെടുത്തി. ഗത്യന്തരമില്ലാതെ സാത്വികൻ മദ്യം കുടിക്കാമെന്ന് സമ്മതിച്ചു. മദ്യം അകത്തു ചെന്നതോടെ എന്തെല്ലാം പാപങ്ങളാണോ അവർ അയാളിൽനിന്ന് ആഗ്രഹിച്ചിരുന്നത് അവയെല്ലാം അയാൾ സ്വയം തന്നെ ചെയ്തു' (ഹാകിം).

മറ്റൊരു നബിവചനം: 'മദ്യപിക്കാത്ത കാലത്തോളം ഒരു വ്യക്തി തന്റെ ദീനിൽ തന്നെയായിരിക്കും. മദ്യം കഴിക്കുന്നതോടെ അയാളുടെ മറ അല്ലാഹു പൊളിച്ചുകളയും. പിശാച് അയാളുടെ രക്ഷാധികാരിയായിത്തീരും. അവന്റെ കണ്ണും കാതും കാൽപാദങ്ങളും പിശാചായിത്തീരും. എല്ലാ തിന്മകളിലേക്കും പിശാച് അയാളെ വഴി നടത്തും. എല്ലാ നന്മകളിൽനിന്നും വഴി തടയുകയും ചെയ്യും' (അൽജാമിഉസ്സ്വഗീർ, ത്വബ്റാനി).

മദ്യപാനത്തെ മാത്രമല്ല, അതുമായി ബന്ധപ്പെട്ട സകലതിനെയും ഇസ്‌ലാം നിരാകരിച്ചിരിക്കുന്നു. അനസ്(റ) പറയുന്നു: 'മദ്യത്തിന്റെ കാര്യത്തിൽ പത്തു വിഭാഗത്തെ നബി(സ) ശപിക്കുകയുണ്ടായി. മദ്യം വാറ്റുന്നവൻ, വാറ്റാനാവശ്യപ്പെടുന്നവൻ, ചുമക്കുന്നവൻ, ചുമക്കാനാവശ്യപ്പെടുന്നവൻ, വിൽക്കുന്നവൻ, അതിന്റെ വില ഭക്ഷിക്കുന്നവൻ, അതുകൊണ്ടുണ്ടാക്കുന്ന വസ്തുക്കൾ വാങ്ങുന്നവൻ, അവ വിൽക്കുന്നവൻ, കുടിക്കുന്നവൻ, കുടിപ്പിക്കുന്നവൻ' (തിർമുദി, ഇബ്നുമാജ). ബഹുദൈവത്വം, നമസ്കാരം ഉപേക്ഷിക്കൽ തുടങ്ങിയ ഗുരുതരമായ കാര്യങ്ങളോടൊപ്പമാണ് ഇവിടെ മദ്യപാനത്തെ പരാമർശിച്ചിട്ടുള്ളത്. മദ്യപാനത്തെ നിസ്സാരമായി കാണുകയും അതിനെതിരെ മൗനം ദീക്ഷിക്കുകയും ചെയ്യുന്ന പണ്ഡിതന്മാരും രക്ഷാകർത്താക്കളും ഈ നബിവചനങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതുണ്ട് ■

**ജഅ്ഫർ എളമ്പിലാക്കോട്**

** ഇമാം ബുഖാരി 'അദബുൽ മുഫ്റദി'ലും ഇബ്നുമാജയും ബൈഹഖിയും അവരുടെ ഗ്രന്ഥങ്ങളിലും ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. ഇതിന്റെ നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ നാസിറുദ്ദീൻ അൽബാനി സാക്ഷ്യപ്പെടുത്തുന്നു (സ്വഹീഹ് അൽജാമിഉസ്സ്വഗീർ, വാ: 2, പേ: 1226).*